## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2762

09-05-2017- ൽ മറുപടിയ്ക്ക്

## നൂനപക്ഷങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷങ്ങൾക്കായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്. എസ്.എസ്.എൽ.സി, +2, വി.എച്ച്.എസ്.ഇ, ബിരുദം, ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരെയും ടി സ്കോളർഷിപ്പിന് പ രിഗണിക്കും. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി/+2,വി.എച്ച്.എസ്.ഇ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 10,000/- രൂപയും ബിരുദ/ബിരുദാനന്തരവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 15,000/ രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുകയായി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്? | (ബി) | 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 250 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ